LIBRARY ARCHIVES Kerala Legislative Assembly

പൊഴിയൂർ പോലീസ് സ്റ്റേഷനിലെ കേസന്വേഷണം

81 [82] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊഴിയിർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 126/90-ാം നമ്പർ കേസ് സംബന്ധിച്ച് ക്രൈം ബ്രാഞ്ച് അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ് അന്വേഷണത്തിന്റെ പോരായ്മ പരിഗണിച്ച് ഒരു ഐ.പി.എസ്. റാങ്കിലുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷണം നടത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) പൊഴിയൂർ പി.എസ്. ക്രൈം നമ്പർ 126/90 സംബന്ധിച്ച് ശ്രീമതി രാജമ്മ, മണലുവിള വീട്, പൊഴിയൂർ നൽകിയ പരാതിയിൻമേൽ പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ (ക്രൈംസ്) നടത്തിയ വിശദമായ അന്വേഷണത്തിൽ പരാതിക്കാരിയുടെ മകൻ ബാബു എന്നു വിളിക്കുന്ന അഗസ്റ്റ്യൻ ദേവരാജ് ടിയാനെ ചികിത്സിച്ചിരുന്ന ഡോക്ടറുടെ വിലക്ക് വകവയ്ക്കാതെ അമിതമായി മദ്യപിച്ചതിനാൽ ഊറ്റുകുഴിയിൽ വീണ് മരണപ്പെട്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) ലഭ്യമായ എല്ലാ തെളിവുകളും ശേഖരിച്ചതിനുശേഷമാണ് ഇത്തരത്തിലുള്ള ഒരു നിഗമനത്തിൽ എത്തിച്ചേർന്നിട്ടുള്ളത്. ആയതിനാൽ ഇതിനെ സംബന്ധിച്ച ഒരു പുനരന്വേഷണത്തിന്റെ ആവശ്യമുള്ളതായി കാണുന്നില്ല.

പോലീസ് കസ്റ്റഡിയിലും ജയിലിലുമായി മരണമടഞ്ഞവർ

82 [83] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് പോലീസ് കസ്റ്റഡിയിലും ജയിലിലുമായി എത്ര പേർ മരണമടഞ്ഞിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) പോലീസ് കസ്റ്റഡിയിലെ മരണത്തിനുത്തരവാദികളായ പോലീസുകാർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; കസ്റ്റഡി മരണത്തിനുത്തരവാദികളായ പോലീസുകാരെ ശിക്ഷിച്ചിട്ടുണ്ടോ?